**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 171 — 25.03.2013 ൽ മറുപടിയ്ക്ക്

## ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ.ഷംസുദ്ദീൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പശ്ചിമഘട്ടമേഖലയെ സംബന്ധിച്ച ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന കസ്തൂരിരംഗൻ കമ്മിറ്റി അതിന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായി അറിയുമോ; എങ്കിൽ വിശദമാക്കുമോ; | (എ) കസ്തൂരിരംഗൻ അദ്ധ്യക്ഷനായുള്ള ഹൈ ലെവൽ വർക്കിംഗ് ഗ്രൂപ്പ് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതായി അറിവില്ല. |
| (ബി) കസ്തൂരിരംഗൻ കമ്മിറ്റി മുമ്പാകെ കേരളത്തിന്റെ നിലപാടുകൾ വ്യക്തമാക്കാനും, ജൈവമേഖലയ്ക്ക് ഹാനി വരുത്താതെ സംസ്ഥാനത്തിന്റെ താൽ | (ബി) 1.ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകളിൽ സംസ്ഥാനത്തിന് സ്വീകാര്യമായവ, ഭേദഗതികളോടെ സ്വീകാര്യമായവ, സ്വീകാര്യമല്ലാത്തവ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന ഒരു മെമ്മോറാണ്ടം ശ്രീ.കസ്തൂരിരംഗൻ അദ്ധ്യക്ഷനായ ഉന്നതതല പ്രവർത്തക സമിതിയ്ക്കും |

പര്യം സംരക്ഷിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

( HLWG) , കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനും സമർപ്പിച്ചു.

2. ഉന്നതതല സമിതി മുമ്പാകെ അറിയിക്കാനുള്ള സർക്കാർ നിലപാട് രൂപീകരിക്കുന്നതിനു മുമ്പ് മുഖ്യമന്ത്രി നേരിട്ട് ഒരു സർവ്വകക്ഷി സമ്മേളനം നടത്തി, കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കേണ്ട നിലപാടുകൾ നിശ്ചയിച്ചു.

3. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം കണക്കിലെടുത്ത്, ബന്ധപ്പെട്ടവരുമായി ചർച്ച നടത്തണമെന്ന പ്രമേയം നിയമസഭ പാസ്സാക്കി.

4. ഉന്നതതല പ്രവർത്തകസമിതി 18/19.01.2013 തീയതികളിൽ സംസ്ഥാനം സന്ദർശിച്ച അവസരത്തിൽ പദ്ധതി സംബന്ധിച്ചും, സംസ്ഥാനത്തിന്റെ നിലപാടുകൾ സംബന്ധിച്ചും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, ഗവൺമെന്റ് സെക്രട്ടറിമാർ, വകുപ്പ് തലവന്മാർ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ എന്നിവർ അവരവരുടെ നിലപാടുകൾ സമിതിയെ നേരിട്ട് ധരിപ്പിച്ചു.

5. പശ്ചിമഘട്ടത്തെ സംരക്ഷിക്കാനുതകുന്നതും എന്നാൽ അവിടെ അധിവസിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾ കൂടി കണക്കിലെടു

ത്തും, പരിസ്ഥിതിക്കുതകുന്ന വികസനപ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാതെയും പ്രായോഗികമായ ശുപാർശകൾ നടപ്പാക്കണമെന്നതാണ് സർക്കാർ നിലപാട്.

| | |
|---|---|
| (സി) പശ്ചിമഘട്ടമേഖലയിൽ അധിവസിക്കുന്ന ജനങ്ങളെ ബാധിക്കാത്തവിധം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ എങ്ങനെ നടപ്പാക്കാനാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (സി) ജനജീവിതം ദുസ്സഹമാക്കിയേക്കാവുന്ന ശുപാർശകൾ പുനഃപരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ ഉന്നതതല പ്രവർത്തക സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ മെമ്മോറാണ്ടം ബഹുമാനപ്പെട്ട അംഗങ്ങൾക്കു ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോറാണ്ടത്തിൽ ശുപാർശ ചെയ്തിരിക്കുന്ന രീതിയിൽ നിർദ്ദേശങ്ങൾ നടപ്പാക്കാനാവുമെന്നാണ് സർക്കാർ സമിതിയെ അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ